**കേരള സർക്കാർ**

**ധനകാര്യ (ഹെൽത്ത് ഇൻഷുറൻസ്) വകുപ്പ്**

**പരിപത്രം**

**നം. 63/2024/ധന** **തിരുവനന്തപുരം, തീയതി:19/11/2024**

വിഷയം:- സംസ്ഥാന സർക്കാർ ജീവനക്കാരുടേയും പെൻഷൻകാരുടേയും ആരോഗ്യ ഇൻഷുറൻസ് പദ്ധതി (MEDISEP)- ശൂന്യവേതനാവധിയിൽ പ്രവേശിക്കുന്ന ഗുണഭോക്താക്കളുടെ അഡ്വാൻസ് മെഡിസെപ് പ്രീമിയം ഒടുക്കേണ്ട രീതി - സംബന്ധിച്ച്.

സൂചന:- 1) സ.ഉ.(അച്ചടി)നം. 70/2022/ധന, തീയതി 23/06/2022

2) സ.ഉ.(അച്ചടി)നം. 71/2022/ധന, തീയതി 24/06/2022

3) സ.ഉ.(അച്ചടി)നം.128/2022/ധന, തീയതി 18/10/2022

4) സ.ഉ.(അച്ചടി)നം.80/2023/ധന, തീയതി 18/05/2023

5) സർക്കുലർ നം.4/2023/ധന, തീയതി 10/01/2023

6) സർക്കുലർ നം.18/2023/ധന, തീയതി 17/02/2023

7) സർക്കുലർ നം.03/2024/ധന, തീയതി 16/01/2024

8) സർക്കുലർ നം.49/2024/ധന, തീയതി 08/08/2024

9) ഇ-ഫയൽ നം. SPK-A4/52/2022-FIN (E-2120545)

10) ഇ-ഫയൽ നം. SPK-A4/32/2024-FIN (E-2780101)

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ മെഡിസെപ് സൂചന (1)-ലെ സർക്കാർ ഉത്തരവ് പ്രകാരം *01/07/2022* മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. മെഡിസെപ് പദ്ധതിയുടെ നടത്തിപ്പിനായി സർക്കാരും ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയും തമ്മിൽ ഒപ്പുവെച്ച ധാരണാപത്രം (MoU) പ്രകാരം, ആകെ മൂന്ന് വർഷം (*01.07.2022 – 30.06.2025*) ദൈർഘ്യമുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായിട്ടാണ് നിലവിൽ മെഡിസെപ് വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതിയിൽ അംഗമായ ഒരു ജീവനക്കാരൻ 3 വർഷത്തെ പോളിസി

കാലയളവിനുള്ളിൽ, ഒരു വർഷത്തിലധികം കാലയളവിലേക്ക് ശൂന്യവേതനാവധിയിൽ പ്രവേശിക്കുമ്പോൾ അയാളുടെ മെഡിസെപ് ഐ.ഡി. -യിൽ പോളിസി ഉളവാക്കി കഴിഞ്ഞതിനാൽ മൂന്നു വർഷത്തെ ആകെ പ്രീമിയം തുകയായ 18,000/- രൂപയിൽ ഒടുക്കുവാൻ ശേഷിക്കുന്ന തുക, ടിയാന്റെ ശൂന്യവേതനാവധിയിൽ പ്രവേശിക്കുന്നതിനു തൊട്ട് മുൻപുള്ള ശമ്പളത്തിൽ നിന്ന് ഡി.ഡി.ഒ. കുറവ് ചെയ്യേണ്ടതാണെന്നു സൂചന (7) സർക്കുലർ മുഖാന്തരം മുൻപ് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഇപ്രകാരം ശൂന്യവേതനാവധിയിൽ പ്രവേശിക്കുന്ന ജീവനക്കാരൻ ശൂന്യവേതനാവധിക്കാലയളവ് പൂർത്തിയാകുന്നതിനു മുൻപ് ശൂന്യവേതനാവധി റദ്ദ് ചെയ്തുകൊണ്ട് സേവനത്തിൽ തിരികെ പ്രവേശിക്കുന്ന സാഹചര്യങ്ങളിൽ നേരത്തെ ടിയാൻ മെഡിസെപ് പ്രീമിയം മുൻകൂറായി സ്പാർക്ക് മുഖേന അടച്ച കാലയളവിലെ തന്നെയുള്ള, പ്രതിമാസ ശമ്പളത്തിൽ നിന്നുള്ള മെഡിസെപ് ഡിഡക്ഷൻ ഒഴിവാക്കുവാൻ ഡി.ഡി.ഒ. -മാരെ അധികാരപ്പെടുത്തുവാൻ നിലവിൽ കഴിയുകയില്ല എന്ന് SPARK-PMU അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, ശൂന്യവേതനാവധിയിൽ പ്രവേശിക്കുന്ന ജീവനക്കാരും ബന്ധപ്പെട്ട ഡി.ഡി.ഒ. -മാരും ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്:

(i) നിലവിലെ മെഡിസെപ് കാലയളവിൽ (01.07.2022-30.06.2025) ഒരു പോളിസി കാലയളവിന് ഇടയ്ക്ക് ഒരു ജീവനക്കാരൻ ശൂന്യവേതനാവധിയിൽ പ്രവേശിച്ചതിന് ശേഷം നിലവിലെ 3 വർഷത്തെ കരാർ കാലാവധി വരെയുള്ള മെഡിസെപ് പോളിസി തുക കണക്കാക്കി, അടയ്ക്കേണ്ട തുക മുൻകൂർ ആയി ജീവനക്കാരൻ നേരിട്ട് ട്രഷറി ചലാൻ മുഖേന പേയ്മെന്റ് നടത്തേണ്ടതാണ്.

(ii) ടി ചലാൻ സമയബന്ധിതമായി ബന്ധപ്പെട്ട ഡിഡിഒ-യ്ക്ക് സമർപ്പിക്കേണ്ടതും ഡി.ഡി.ഒ. പ്രസ്തുത ചലാൻ വിശദാംശങ്ങൾ മെഡിസെപ് പോർട്ടലിലെ accounting പ്രൊഫൈലിൽ update ചെയ്യേണ്ടതുമാണ്.

(iii) ടി ജീവനക്കാരൻ ശൂന്യവേതനാവധി വെട്ടിക്കുറച്ച് ജോലിക്ക് തിരികെ പ്രവേശിക്കുമ്പോൾ SPARK-ലൂടെ ശമ്പളം പ്രോസസ്സ് ചെയ്ത് തുടങ്ങുന്ന കാലയളവിൽ ആവർത്തിച്ചുണ്ടാകുന്ന മെഡിസെപ് പ്രീമിയം deduction നിർത്തലാക്കുവാൻ ഡി.ഡി.ഒ.-മാരെ അധികാരപ്പെടുത്തിയിട്ടില്ലാത്തതിനാൽ, ട്രഷറി ചലാൻ മുഖേന നേരത്തെ അടച്ചിട്ടുള്ള ടി കാലയളവിലെ റീഫണ്ടിന് അർഹമായ പ്രീമിയം തുക റീഫണ്ട് ചെയ്ത് നൽകുവാൻ സൂചന (4) സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കും വിധം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**ബിമൽ ലാൽ റ്റി.എസ്.**

**അഡീഷണൽ സെക്രട്ടറി**

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II) കേരള, തിരുവനന്തപുരം

എല്ലാ വകുപ്പ് മേധാവികൾക്കും

അഡ്വക്കറ്റ് ജനറൽ, കേരള, എറണാകുളം

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം

ബഹു. ഗവർണറുടെ സെക്രട്ടറി

ബഹു. മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ

ബഹു. പ്രതിപക്ഷ നേതാവിന്റേയും ഗവൺമെന്റ് ചീഫ് വിപ്പിന്റേയും പ്രൈവറ്റ് സെക്രട്ടറിമാർ

ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി/എക്സ്പെന്റിച്ചർ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, അഡീഷണൽ

സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിമാർ

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

പബ്ലിക് റിലേഷൻസ് വകുപ്പ്

നോഡൽ ഓഫീസർ , www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി ( HI-3/80/2023-FIN -E2438398)

ഉത്തരവിൻ പ്രകാരം

Ganesh

സെക്ഷൻ ഓഫീസർ